**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1198** **18-09-2025 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷ വിഭാഗങ്ങളുടെ സംരക്ഷണവും ഉന്നമനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ വി ശശി** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | രാജ്യത്തെ പല സംസ്ഥാനങ്ങളിലും ന്യൂനപക്ഷ വിഭാഗങ്ങൾക്ക് നേരെ ശത്രുതാപരമായ സമീപനം ഉണ്ടാകുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗങ്ങളുടെ സംരക്ഷണത്തിനും ഉന്നമനത്തിനുമായി സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | ഉണ്ട്. ന്യൂനപക്ഷങ്ങളുടെ സാമൂഹിക ,സാമ്പത്തിക വിദ്യാഭ്യാസപരമായ ഉന്നമനം ലക്ഷ്യമാക്കി ജസ്റ്റിസ് സച്ചാർകമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് രൂപീകരിച്ച ശ്രീ പാലൊളി മുഹമ്മദ്കുട്ടി അദ്ധ്യക്ഷനായ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ ഭൂരിഭാഗവും നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ പരിഗണിച്ച് ന്യൂനപക്ഷങ്ങളുടെ ക്ഷേമം ലക്ഷ്യമാക്കി വിവിധ ക്ഷേമ പദ്ധതികളായ വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, തൊഴിൽ നൈപുണി വികസന പദ്ധതികൾ, കരിയർഗൈഡൻസ് പ്രോഗ്രാമുകൾ, പ്രീ-മാരിറ്റൽ കൗൺസിലിംഗ്, സ്വയം തൊഴിൽ പദ്ധതി, മറ്റ് അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നുണ്ട്. ക്രിസ്ത്യൻ ന്യൂനപക്ഷവിഭാഗങ്ങളുടെ സാമൂഹികസാമ്പത്തിക വിദ്യാഭ്യാസപരമായ ഉന്നമനം ലക്ഷ്യമാക്കി രൂപീകരിച്ച ജസ്റ്റിസ് (റിട്ട.)ജെ .ബി കോശി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ വിവിധവകുപ്പുകളിലായി സ്വീകരിച്ചുവരുന്നു. മൈക്രോ ന്യൂനപക്ഷങ്ങൾക്കുവേണ്ടിയും വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. എല്ലാ ന്യൂനപക്ഷങ്ങളെയും ചേർത്തുപിടിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. |
| (ബി) | ന്യൂനപക്ഷ വിഭാഗങ്ങളിലെ വിധവകൾ, വിവാഹമോചിതർ, ഉപേക്ഷിക്കപ്പെട്ടവർ തുടങ്ങി സാമ്പത്തികമായി ഏറെ ബുദ്ധിമുട്ട് അനുഭവിക്കുന്ന സ്ത്രീകളുടെ ഉന്നമനത്തിനായി നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കുമോ; | (ബി) | ന്യൂനപക്ഷ വിഭാഗങ്ങളിലെ വിധവകൾ, വിവാഹമോചിതർ, ഉപേക്ഷിക്കപ്പെട്ടവർ തുടങ്ങി സാമ്പത്തികമായി ഏറെ ബുദ്ധിമുട്ട് അനുഭവിക്കുന്ന സ്ത്രീകളുടെ ഉന്നമനത്തിനായി ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br><br>1.ഇമ്പിച്ചിബാവ ഭവന/ പുനരുദ്ധാരണ പദ്ധതി |

| | | | |
|---|---|---|---|
| | | | 2. സ്വയം തൊഴിൽ പദ്ധതി |
| (സി) | ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട യുവജനങ്ങളെ മികച്ച തൊഴിലുകൾ നേടാൻ പ്രാപ്തരാക്കുന്നതിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട യുവജനങ്ങളെ മികച്ച തൊഴിലുകൾ നേടാൻ പ്രാപ്തരാക്കുന്നതിനുവേണ്ടി ന്യൂനപക്ഷക്ഷേമ വകുപ്പ് ASAP, KASE, Digital university മുഖേന നൈപുണ്യ പരിശീലന പദ്ധതികൾ സംഘടിപ്പിച്ചുവരുന്നു. 2025-26 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ITC Fee Reimbursement ശീർഷകത്തിൽ 180 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ, ന്യൂനപക്ഷവിഭാഗങ്ങളിലെ യുവജനങ്ങൾക്ക് സിവിൽ സർവ്വീസ്, യു.പി.എസ്.സി, പി .എസ്.സി എന്നീ മത്സരപരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനായി ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 24 യുവജനപരിശീലന കേന്ദ്രങ്ങളും, അവയുടെ കീഴിൽ 28 ഉപകേന്ദ്രങ്ങളും പ്രവർത്തിച്ചു വരുന്നു. |
| (ഡി) | സംസ്ഥാനത്ത് ന്യൂനപക്ഷ വിഭാഗങ്ങൾ ഭയരഹിതരും അഭിമാനബോധമുള്ളവരുമായി ജീവിക്കുന്നതിനുവേണ്ടി നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ? | (ഡി) | ന്യൂനപക്ഷങ്ങളുടെ ക്ഷേമം ലക്ഷ്യമാക്കി വിവിധ ക്ഷേമ പദ്ധതികളായ വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, തൊഴിൽ നൈപുണി വികസന പദ്ധതികൾ, കരിയർഗൈഡൻസ് പ്രോഗ്രാമുകൾ, പ്രീമാരിറ്റൽ കൗൺസിലിംഗ്, സ്വയംതൊഴിൽ പദ്ധതി, മറ്റ് അടിസ്ഥാന സൗകര്യ വികസനപദ്ധതികൾ എന്നിവ നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ